**പാമ്പാക്കുട ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലുള്ള രാമമംഗലം പഞ്ചായത്തിലെ കോരങ്കടവ് അങ്കണവാടി കം ക്രഷിലേക്ക് വർക്കർ/ഹെൽപ്പർമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം**

നമ്പർ: 685/2024

തീയതി : 03/06/2026

പാമ്പാക്കുട ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിൽ വരുന്ന രാമമംഗലം പഞ്ചായത്തിലെ 14-ാം വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോരങ്കടവ് അങ്കണവാടിയിൽ പൽന സ്കീമിന്റെ ഭാഗമായി ആരംഭിക്കുന്ന ക്രഷിലേക്ക് വർക്കർ/ഹെൽപ്പർ തസ്തികകയിൽ നിയമനം നടത്തുന്നതിന് രാമമംഗലം പഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിരതാമസക്കാരായ വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത വാർഡിൽ യോഗ്യരായ അപേക്ഷർ ഇല്ലാത്ത പക്ഷം തൊട്ടടുത്തുള്ള വാർഡുകളിലെ യോഗ്യരായ വനിതകളേയും പരിഗണിക്കുന്നതാണ്.

1. **വർക്കർ**

   **യോഗ്യത – പ്ലസ് ടു പാസ്സായിരിക്കണം**

   **പ്രായം – 01/01/2026 ന് 35 വയസ്സ് തികയാൻ പാടില്ല**

2. **ഹെൽപ്പർ**

   **യോഗ്യത – ഹെൽപ്പർ 10-ാം ക്ലാസ്സ് പാസ്സായിരിക്കണം**

   **പ്രായം – 01/01/2026 ന് 35 വയസ്സ് തികയാൻ പാടില്ല**

പൂരിപ്പിച്ച അപേക്ഷകൾ വിദ്യാഭ്യാസം, പ്രായം, ജാതിയും മതവും, താമസം ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 24/06/2026 ന് ഉച്ചക്ക് 2 മണി വരെ നേരിട്ടോ തപാൽ മാർഗമോ പാമ്പാക്കുട ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. അപൂർണ്ണമായി പൂരപ്പിച്ചതും മതിയായ രേഖകളില്ലാത്തതും വൈകി കിട്ടുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷയോടൊപ്പം 5 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവർ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

തപാലിൽ അയക്കുന്നവർ 24/06/2026 നകം കിട്ടത്തക്ക രീതിയിൽ ശിശുവികസന പദ്ധതി ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസ്, പാമ്പാക്കുട, അഞ്ചൽപ്പെട്ടി.പി.ഒ, പിൻ – 686667 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഫോൺ നം. 0485 2274404

OFFICE OF THE CHILD DEVELOPMENT PROJECT OFFICER
Anchelpetty P.O.
PIN-686 667
PAMPAKUDA

CHILD DEVELOPMENT PROJECT OFFICER
PAMPAKUDA